*സെന്റ് ജോസഫ്സ് മെട്രോപ്പോളിറ്റൻ കത്തീഡ്രൽ,*
*പാളയം*
*10.04.2009*

# ദുഃഖവെള്ളിയാഴ്ച്ച - 2009
# കുരിശാരാധന

''ഈശോ മിശിഹായെ ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ അങ്ങേ വിശുദ്ധ കുരിശാൽ ലോകത്തെ അങ്ങ് വീണ്ടു രക്ഷിച്ചു''. കുരിശിന്റെ വഴിയിൽ സംബന്ധിക്കുമ്പോഴൊക്കെ നാം ആവർത്തിച്ചാവർത്തിച്ചു ചൊല്ലുന്ന ഒരു പ്രാർത്ഥനയാണിത്. കുരിശു മരണത്താൽ യേശു നമ്മെ വീണ്ടെടുത്ത ഈ നല്ല ദിവസത്തിൽ കുരിശിനോടുള്ള ബഹുമാനാദരവുകൾ പ്രകടിപ്പിക്കുവാനാണല്ലോ നാം ഇവിടെ സന്നിഹിതരായിരിക്കുന്നത്. കുരിശ് നമുക്കു തരുന്ന സന്ദേശത്തെ കുറിച്ച് ഒന്നു കൂടി ആഴമായി അല്പനേരം ചിന്തിക്കുവാൻ ഞാൻ നിങ്ങളെ ക്ഷണിക്കുകയാണ്.

## 1. കുരിശിനോടുള്ള മനുഷ്യരുടെ നിരവധി സമീപനങ്ങൾ

കുരിശിനോടുള്ള മനുഷ്യരുടെ അടിസ്ഥാനപരമായ രണ്ടു വ്യത്യസ്തമായ കാഴ്ചപ്പാടുകളെ പൗലോസ് അപ്പോസ്തലൻ ചൂണ്ടികാണിക്കുന്നതിപ്രകാരമാണ്: ''നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അത് ദൈവത്തിന്റെ ശക്തിയത്രേ'' (1. കൊറി. 1, 18).

### ***a. കുരിശിനെക്കുറിച്ചുള്ള വിചിത്രമായ ധാരണകൾ***

യേശുവിൽ വിശ്വസിക്കുന്നുവെന്നു പറയുന്നവരടക്കം ലോകത്തിലെ നല്ലൊരു ഭാഗം ആളുകൾക്കും കുരിശിനെക്കുറിച്ച് വിചിത്രമായ ധാരണകളാണുള്ളത്:

- പൗലോസ് അപ്പോസ്തലൻ പറയുന്നതുപോലെ കുരിശ് യഹൂദർക്ക് ഇടർച്ചയുടെ അടയാളമാണ്. (1. കൊറി. 1, 23) ഒരു ശാപമായിട്ടാണ് അവർ കുരിശിനെ കരുതിയിരുന്നത്. കുരിശിന്മേൽ തൂങ്ങി മരിക്കുന്നവനെ ശപിക്കപ്പെട്ടവനായിട്ടാണ് അവർ വിശേഷിപ്പിച്ചിരുന്നത്.

- വിജാതീയരെ സംബന്ധിച്ചിടത്തോളം കുരിശ് ഭോഷത്തത്തിന്റെ അടയാളമായിരുന്നു (1. കൊറി 1, 23). റോമാക്കാർ ഏറ്റവും വലിയ കുറ്റമായ രാജ്യദ്രോഹത്തിനു നൽകുന്ന കടുത്ത ശിക്ഷയുടെ ഉപകരണമായിരുന്നു കുരിശ്. അവരുടെ കാഴ്ചപ്പാടിൽ ഭോഷന്മാരല്ലാതെ മറ്റാരും കുരിശുമരണത്തിന് സ്വമേധയാ തയ്യാറാവുകയില്ല. അത്രയേറെ അവർ ഭയപ്പെടുകയും നിന്ദിക്കുകയും വെറുക്കുകയും ചെയ്തിരുന്ന ഒന്നായിരുന്നു കുരിശ്.

- പല ക്രൈസ്തവരുടെയും കുരിശിനെക്കുറിച്ചുള്ള ധാരണകളും പൂർണ്ണമായും ശരിയല്ല. പ്രതികൂല സാഹചര്യങ്ങളിൽ നിന്നു രക്ഷപ്പെടാൻ സഹായിക്കുന്ന ഒരു മാന്ത്രിക ശക്തി കുരിശിനുള്ളതായി പലരും കരുതുന്നു. കുരിശിന്റെ സന്ദേശം ഉൾക്കൊള്ളാതെ ഭയപ്പെടുത്തുന്ന ശക്തികളെ ദൂരെയകറ്റാൻ കുരിശെടുത്തു കാണിക്കുന്നവരുണ്ട്.

- കുരിശിനെ ഒരു വരുമാനമാർഗ്ഗമായി കാണുന്നവരും ക്രൈസ്തവരുടെ ഇടയിലുണ്ട്. ആദ്യമായി കാൽവരി മലയിൽ കയറി കർത്താവ് മരിച്ച സ്ഥലത്തെ ക്രൂശിത രൂപത്തിനു മുമ്പിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ എന്റെ മനസ്സിൽ വന്നു നിറഞ്ഞ വികാരങ്ങളെ വാക്കുകൾ കൊണ്ട് വിവരിക്കാനാവില്ല. അപ്പോൾ ചിലർ വന്ന് ആ പ്രാർത്ഥനയ്ക്ക് തടസ്സം സൃഷ്ടിച്ചു. ഒരു സഭാ വിഭാഗത്തിലെ ഏതാനും അംഗങ്ങൾ എന്റെ പക്കൽ വന്ന് ചെറിയൊരു മെഴുകുതിരി തന്നിട്ട് വലിയൊരു തുക ആവശ്യപ്പെട്ടു. മെഴുകുതിരി എന്തിനാണെന്ന് ചോദിച്ചപ്പോൾ അത് കുരിശിന്റെ ചുവട്ടിൽ കത്തിച്ചാൽ വലിയ അനുഗ്രഹങ്ങൾ കിട്ടുമെന്ന് അവർ പറഞ്ഞു. എന്നാൽ മെഴുകുതിരി കത്തിക്കുന്നതിൽ അവർ ഇത്രയധികം താല്പര്യം കാണിച്ചതിനു കാരണം അതിലൂടെ എനിക്കു കിട്ടാൻ പോകുന്ന അനുഗ്രഹങ്ങളായിരുന്നില്ല; അവരെ സംബന്ധിച്ചിടത്തോളം അത് ഒരു വരുമാനമാർഗ്ഗമായിരുന്നു. ''എന്റെ ഭവനം എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാലയം എന്ന് എഴുതപ്പെട്ടിട്ടില്ലേ? നിങ്ങൾ അതിനെ കവർച്ചക്കാരുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നു'' (മാർക്ക് 11, 17) എന്ന തിരുവചനങ്ങളാണ് ആ സമയത്ത് എന്റെ മനസ്സിലൂടെ കടന്നുപോയത്.

- പള്ളികളുടെ ഗോപുരങ്ങളിലും വീടുകളിലും കുരിശു വയ്ക്കുന്നതിലും കുരിശിനെ ആഭരണമായി ധരിക്കുന്നതിലും തെറ്റില്ല. എന്നാൽ കുരിശു നമുക്കു തരുന്ന സന്ദേശം ഉൾക്കൊള്ളുവാനും അത് ജീവിതത്തിൽ പ്രായോഗികമാക്കാനും ഈ ആചാരാനുഷ്ഠാനങ്ങളൊക്കെ എത്രമാത്രം നമ്മെ സഹായിക്കുന്നുവെന്നതാണ് പ്രശ്നം.

## ***b.*** ***<u>കുരിശിനെക്കുറിച്ചുള്ള യഥാർത്ഥ വിശ്വാസികളുടെ ധാരണകൾ</u>***

''രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അത് ദൈവത്തിന്റെ ശക്തിയത്രേ''

### ***i)*** ***<u>കുരിശ് സ്നേഹം തന്നെയായ ദൈവത്തിന്റെ അനന്തമായ സ്നേഹത്തിന്റെ അടയാളം</u>***

- യേശുവിന്റെ യഥാർത്ഥ ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം കുരിശ് ദൈവ സ്നേഹത്തിന്റെ ഒരിക്കലുമണയാത്ത ദീപമാണ്. തന്റെ ശിഷ്യന്മാരോട് യേശുവിനുണ്ടായിരുന്ന സ്നേഹത്തെ സുവിശേഷത്തിൽ സംഗ്രഹിച്ചിരിക്കുന്നത് ഇപ്രകാരമാണ്: ''ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു; അവസാനം വരെ സ്നേഹിച്ചു'' (യോഹ. 13. 2). ''അവസാനം വരെ സ്നേഹിച്ചു''വെന്നു പറയുമ്പോൾ അതിന്റെ ആദ്യത്തെ അർത്ഥം യേശുവിന് അവരോടുണ്ടായിരുന്ന സ്നേഹം തുടർച്ചായായതായിരുന്നു. ശിഷ്യന്മാരെ കണ്ടുമുട്ടിയ നിമിഷം മുതൽ അവസാനം വരെ യേശു അവരെ സ്നേഹിച്ചു. യേശു അവരെ സ്നേഹിക്കാത്തതായി ഒരു നിമിഷം പോലുമുണ്ടായിരുന്നില്ല. ''അവസാനം വരെ സ്നേഹിച്ചു'' എന്നതിന്റെ രണ്ടാമത്തെ അർത്ഥം യേശുവിന്റെ ശിഷ്യന്മാരോടുള്ള സ്നേഹം അതിന്റെ പാരമ്യത്തിലെത്തിയ നിമിഷമായിരുന്നു. വേർപാടിന്റെ ആ അവസരം. സ്നേഹം ഒന്നുകിൽ വളരും അല്ലെങ്കിൽ തളർന്ന് ഇല്ലാതാകും. യേശുവിന്റെ സ്നേഹം അനുനിമിഷം വളരുന്നതായിരുന്നു. സ്നേഹത്തിന്റെ ഈ വളർച്ച അന്ത്യ അത്താഴസമയത്ത് അതിന്റെ പൂർണ്ണതയിലെത്തുന്നു. തന്റെ ഹൃദയം കൊണ്ട് എത്രത്തോളം സ്നേഹിക്കാമോ, അതിന്റെ അവസാനം വരെ യേശു ശിഷ്യന്മാരെ സ്നേഹിച്ചു. ഈ സ്നേഹത്തിന്റെ ഏറ്റവും വലിയ

പ്രകടനമാണ്, തെളിവാണ് കുരിശ്. യേശു തന്നെ പറഞ്ഞിട്ടുണ്ടല്ലോ ''സ്നേഹിതനു വേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം ഇല്ല'' (യോഹ. 15, 13) എന്ന്. ഈ വലിയ സ്നേഹമാണ് കുരിശിൽ നാം കാണുന്നതും കുരിശിന്റെ മുമ്പിൽ നിന്നു ധ്യാനിക്കുമ്പോൾ നാം അനുഭവിക്കുന്നതും.

## ***ii) കുരിശ് നിസ്സഹായനായ ദൈവത്തിന്റെ അനന്തമായ കരുണ്യത്തിന്റെ അടയാളം***

- രണ്ടാമതായി വിശ്വസിക്കുന്നവരെ സംബന്ധിച്ചിടത്തോളം കുരിശ് ദൈവത്തിന്റെ നിസ്സഹായതയുടെ അടയാളമാണ്. സർവ്വ ശക്തനായ ദൈവം നിസ്സഹായനാണെന്നോ എന്ന് നാം ചോദിക്കുമായിരിക്കും. ദൈവത്തിന്റെ നിസ്സഹായതയെന്നു പറയുമ്പോൾ അതൊരു വിരോധാഭാസമായി നമുക്കു തോന്നാം. എന്നാൽ അതാണ് യാഥാർത്ഥ്യം. പ്രത്യേകിച്ചും മനുഷ്യരോട് കരുണകാണിക്കേണ്ടി വരുമ്പോൾ ശക്തനായ ദൈവത്തെയല്ല, നിസ്സഹായനായ ദൈവത്തെയാണ് നമുക്കു കാണാൻ സാധിക്കുന്നത്. സ്വന്തമായുള്ളവരെ യേശു അവസാനം വരെ സ്നേഹിച്ചതു പോലെതന്നെ പാപികളോട് യേശു അവസാനംവരെ കരുണകാണിക്കുന്നു.

- മനുഷ്യരെ രക്ഷയുടെ മാർഗ്ഗത്തിലൂടെ നയിക്കാൻ ദൈവം ന്യായപ്രമാണങ്ങളും നൽകുകയും ശിക്ഷാമുറകൾ ഏർപ്പെടുത്തുകയും ചെയ്തു. എന്നാൽ അവർ അതെല്ലാം അവഗണിച്ചു. ന്യായാധിപനെയും പ്രവാചകന്മാരെയും അയച്ചു. എന്നാൽ അവരെയെല്ലാം മനുഷ്യർ പീഡിപ്പിക്കുകയും കൊന്നൊടുക്കുകയും ചെയ്തു. ദൈവത്തിനു വേണമെങ്കിൽ ഇവരെയൊക്കെ ഒറ്റവാക്കു കൊണ്ട് നശിപ്പിക്കാമായിരുന്നു. എന്നാൽ ദൈവം പാപിയുടെ നാശമല്ല ആഗ്രഹിക്കുന്നത്; അവൻ മനസ്സുതിരിഞ്ഞ് രക്ഷപ്രാപിക്കണമെന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമയിൽ യേശു ഇത് വ്യക്തമാക്കുന്നുണ്ട്. വിളവിന്റെ ഓഹരിക്കായി യജമാനൻ വീണ്ടും വീണ്ടും ഭൃത്യന്മാരെ കൃഷിക്കാരുടെ പക്കൽ അയച്ചു. ഓരോ പ്രാവശ്യവും അവർ കൂടുതൽ കൂടുതൽ ക്രൂരമായ രീതിയിൽ ചിലരെ അടിക്കുകയും മറ്റുചിലരെ മുറിവേല്പിക്കുകയും വീണ്ടും ചിലരെ കൊല്ലുകയും ചെയ്യുന്നു. എന്നിട്ടും യജമാനന് കൃഷിക്കാരോടുള്ള കരുണയ്ക്ക് കുറവുണ്ടായിരുന്നില്ല. അവസാനം തന്റെ ഏകപുത്രനെയെങ്കിലും അവർ മാനിക്കുമെന്നു കരുതി അവനെ അവരുടെ പക്കലേക്കയച്ചു. എന്നാൽ കഠിന ഹൃദയരായ അവർ മൃഗീയമായ രീതിയിൽ അവനെയും കൊന്ന് അവകാശം കൈക്കലാക്കാൻ ശ്രമിക്കുകയാണ് ചെയ്തത്. ഈ ഉപമ അരുൾ ചെയ്തിട്ട് യേശു ചുറ്റുമുള്ളവരോടു ചോദിച്ചു: ''മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ വരുമ്പോൾ അവൻ ഈ കൃഷിക്കാരനോട് എന്തു ചെയ്യും?'' അവൻ ആ ദുഷ്ടരെ നിഷ്ഠൂരമായി നശിപ്പിക്കുമെന്നാണ് അവർ ഉത്തരം പറഞ്ഞത് (cfr. മത്താ. 21, 33-44). എന്നാൽ മനുഷ്യൻ ചിന്തിക്കുന്നതു പോലെയല്ല ദൈവം ചിന്തിക്കുന്നത്. ഇവിടെയാണ് സർവ്വശക്തനായ ദൈവം നിസ്സാഹായനാകുന്നത്. ഈ നിസ്സഹായതയുടെ അടയാളമാണ് കുരിശ്. കുരിശിൽക്കിടന്നു കൊണ്ട് ''ഇവരോടു ക്ഷമിക്കണമേ'' എന്ന് യേശു പ്രാർത്ഥിച്ചു. ആ പ്രാർത്ഥന സ്വീകരിച്ചുകൊണ്ട് ദൈവം എല്ലാവരോടും ക്ഷമിക്കുവാൻ സന്നദ്ധനായി നിൽക്കുന്നു. ഇതാണ് കുരിശു സൂചിപ്പിക്കുന്ന ദൈവത്തിന്റെ നിസ്സാഹയതയും അനന്തമായ കാരുണ്യവും.

## *iii)* *കുരിശ് നന്മതിന്മകൾ തമ്മിലുള്ള പോരാട്ടത്തിന്റെ അടയാളം*

- മൂന്നാമതായി യേശുവിന്റെ ശിഷ്യന്മാർ കുരിശ്ശിൽ കാണുന്നത് നന്മയും തിന്മയും തമ്മിലുള്ള നിരന്തരമായ സംഘർഷത്തിന്റെ അടയാളമാണ്. ഈ സംഘർഷത്തിന് പല മാനങ്ങളും തലങ്ങളുമുണ്ട്. ഒരുവന്റെ പോരാട്ടം ആദ്യം അവനിൽത്തന്നെ ആരംഭിക്കുന്നു. പാപത്താൽ മുറിവേറ്റ തിന്മയിലേക്ക് ചാഞ്ഞിരിക്കുന്ന ഒരു പ്രകൃതിയാണ് മനുഷ്യനുള്ളത്. അതേ സമയം തന്നെ സദാ നന്മയിലേക്കു തിരിയുവാനുള്ള മനഃസാക്ഷിയുടെ സ്വരവും അവൻ കേൾക്കുന്നുണ്ട്. ചെറുതോ വലുതോ ആയ എന്തു തീരുമാനമെടുക്കേണ്ടി വരുമ്പോഴും മനുഷ്യൻ തന്റെ ഉള്ളിൽത്തന്നെയുള്ള നന്മയും തിന്മയും തമ്മിലുള്ള ഈ സംഘർഷത്തിലൂടെ കടന്നു പോകണം. ഒന്നുകിൽ നന്മ അല്ലെങ്കിൽ തിന്മ അവൻ സ്വതന്ത്രമായി തിരഞ്ഞെടുക്കുന്നു. ഒരുവന്റെ ഉള്ളിൽത്തന്നെയുള്ള ഈ സംഘർഷത്തെ വിശുദ്ധ പൗലോസ് അപ്പോസ്തലൻ അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്: ''എന്നിൽത്തന്നെ തിന്മയുണ്ട് എന്നൊരു തത്വം ഞാൻ കാണുന്നു. എന്റെ അന്തരംഗത്തിൽ ദൈവത്തിന്റെ നന്മയോർത്ത് ഞാൻ ആഹ്ലാദിക്കുന്നു. എന്റെ അവയവങ്ങളിലാകട്ടെ, എന്റെ മനസ്സിന്റെ നിയമത്തോടു പോരാടുന്ന മറ്റൊരു നിയമം ഞാൻ കാണുന്നു. അത് എന്റെ അവയവങ്ങളിൽ പാപത്തിന്റെ നിയമത്തിന് എന്നെ അടിമപ്പെടുത്തുന്നു. ഞാൻ ദുർഭഗനായ മനുഷ്യൻ! മരണത്തിന് അധീനമായ ഈ ശരീരത്തിൽ നിന്ന് ആര് എന്നെ മോചിപ്പിക്കും?'' (റോമ. 7, 21-24). ഈ ചോദ്യത്തിന് പൗലോസ് തന്നെ നൽകുന്ന ഉത്തരമിതാണ്: ''നമ്മുടെ കർത്താവീശോമിശിഹാ വഴി ദൈവത്തിന്റെ കൃപ'' (റോമ. 7, 25). നന്മയും തിന്മയും തമ്മിലുള്ള ഈ സംഘർഷത്തെ അതിജീവിച്ച് രക്ഷയുടെ മാർഗ്ഗം തിരഞ്ഞെടുക്കുവാനുള്ള ഈ കൃപ യേശു നമുക്കു നേടിത്തന്നത് കുരിശു മരണത്തിലൂടെയാണ്. അതുകൊണ്ട് പോരാട്ടങ്ങളുടെ അവസരങ്ങളിൽ പ്രത്യാശയുടെ അടയാളമായി കുരിശു നമ്മുടെ മുമ്പിൽ തിളങ്ങി നിൽക്കുന്നു.

- ഈ സംഘർഷം ഉള്ളിൽ മാത്രമല്ല പുറമെയുമു ണ്ട ് . സംഘർഷപൂരിതമായ ഒരു സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. നിഷ്ക്കളങ്കമായ ജീവിതങ്ങൾ അനവധി അനുനിമിഷം കൊഴിഞ്ഞു വീഴുന്നു. വർദ്ധിച്ചു വരുന്ന ഭീകര പ്രവർത്തനങ്ങൾ കാരണം ആർക്കും ഒരു സുരക്ഷിതത്വവും ഉറപ്പു നൽകാനാവുന്നില്ല. മനുഷ്യന്റെ സ്വാർത്ഥതയും നിക്ഷിപ്ത താല്പര്യങ്ങളും പൈശാചിക രൂപം പൂണ്ട് സമൂഹ ജീവിതം നരകതുല്യമാക്കിക്കൊണ്ടിരിക്കുന്നു. ഇതിനൊക്കെ പുറമേയാണ് വർദ്ധിച്ചുവരുന്ന മാഫിയാകൾ. മദ്യമാഫിയ, ഭൂമാഫിയ, ലൈംഗീക മാഫിയ വൻ തോതിലുള്ള അഴിമതികൾ ഇവയുടെയൊക്കെ തേരോട്ടം സമൂഹത്തെ ശാപഗ്രസ്ഥമാക്കിയിരിക്കുകയാണ്. ഇങ്ങനെയുള്ള അവസരങ്ങളിൽ നഷ്ടധൈര്യരായി നിരാശയുടെ അടിത്തട്ടിൽ നാം വീണുപോകാൻ സാദ്ധ്യതയുണ്ട്. ഇവിടെയും പ്രത്യാശയുടെയും രക്ഷയുടെയും അടയാളവും സ്രോതസ്സുമായി നമ്മുടെ മുമ്പിൽ ഉയർന്നു നിൽക്കുന്നതും യേശുവിന്റെ കുരിശു തന്നെയാണ്. കുരിശിൽ നിറഞ്ഞു നിൽക്കുന്നത് എല്ലാ തിന്മയുടെ ശക്തികളെയും അതിജീവിക്കുവാൻ കഴിവുള്ള ദൈവത്തിന്റെ ശക്തിയാണ് (1. കൊറി. 1, 18). യേശു തന്നെ നേരിട്ട സംഘർഷങ്ങളെക്കുറിച്ചും കുരിശിലൂടെ നേടിയ വിജയത്തെ കുറിച്ചും പൗലോസ് അപ്പോസ്തലൻ കൊളോസോസുക്കാരെ ഓർമ്മിപ്പിക്കുന്നതിപ്രകാരമാണ്: ''നമുക്കു ദോഷകരമായി നിന്ന ലിഖിത നിയമങ്ങളെ അവൻ മായിച്ചുകളയുകയും അവയെ കുരിശിൽ

തറച്ചു നിഷ്ക്കാസനം ചെയ്യുകയും ചെയ്തു. ആധിപത്യങ്ങളെയും ആധികാരങ്ങളെയും അവൻ നിരായുധരാക്കി. അവൻ കുരിശിൽ അവയുടെ മേൽ വിജയം ആഘോഷിച്ചുകൊണ്ട് അവയെ പരസ്യമായി അവഹേളന പാത്രങ്ങളാക്കി'' (കൊളോ. 2, 14-15).

## 2. കുരിശ് ദൈവജ്ഞാനത്തിന്റെയും ദൈവിക ശക്തിയുടെയും മഹാരഹസ്യം

ഇങ്ങനെ കുരിശ് യഹൂദർക്ക് ഇടർച്ചയുടെ അടയാളമായിരിക്കാം; വിജാതീയർക്ക് ഭോഷത്തവുമായിരിക്കാം. എന്നാൽ യേശുവിൽ സത്യമായും വിശ്വസിക്കുന്നവർക്ക് കുരിശ് ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവും നിറഞ്ഞ ഒരു മഹാരഹസ്യമാണ് (cfr. 1. കോറി. 1, 24). അതുകൊണ്ടാണ് ക്രൂശിതനായവനെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും അറിയേണ്ടതില്ലെന്ന് പൗലോസ് അപ്പോസ്തലൻ തീരുമാനിച്ചത് (cfr. 1 കോറി. 2, 2). കാരണം കുരിശിലൂടെ ലഭിക്കുന്ന ദൈവത്തിന്റെ ജ്ഞാനത്തെക്കാളും കുരിശിലൂടെ അനുഭവവേദ്യമാകുന്ന ദൈവത്തിന്റെ ശക്തിയെക്കാളും വിലയേറിയതായി മറ്റൊന്നും നമുക്കു ലഭിക്കാനില്ല.

ഒരു കഥ കേട്ടിട്ടുണ്ട്. ലോക പ്രശസ്തനായ ചിത്രകാരന്മാരുടെ വിലപിടിപ്പുള്ള ചിത്രങ്ങൾ സ്വന്തമായുള്ള ഒരു സമ്പന്നനായ മനുഷ്യനുണ്ടായിരുന്നു. മൈക്കലാഞ്ചലോയുടെയും റാഫേലിന്റെയും പിക്കാസോയുടെയുമൊക്കെ ചിത്രങ്ങൾ ആ ശേഖരത്തിൽ ധാരാളമുണ്ടായിരുന്നു. ആ മനുഷ്യനും അയാളുടെ ഒരേ ഒരു മകനും ഈ ചിത്രങ്ങളെ വളരെയേറെ ഇഷ്ടപ്പെടുകയും ആസ്വദിക്കുകയും അമൂല്യമായ ഈ ചിത്രങ്ങളുടെ ശേഖരത്തിൽ അഭിമാനിക്കുകയും ചെയ്തിരുന്നു.

പെട്ടെന്ന് മകന് വിയറ്റ്നാമിലെ യുദ്ധത്തിൽ പങ്കെടുക്കേണ്ടി വന്നു. യുദ്ധത്തിൽ മറ്റു ചില പടയാളികളെ രക്ഷിക്കുന്നതിനിടയ്ക്ക് ഒരു വെടിയുണ്ടയേറ്റ് ഈ മകൻ മരിച്ചു വീണു. അപ്പനെ സംബന്ധിച്ചിടത്തോളം ഇത് ഹൃദയഭേദകമായ ഒരു അനുഭവമായിരുന്നു. ഒരു മാസത്തോളം കഴിഞ്ഞ് വലിയൊരു പൊതിയുമായി ഒരു യുവാവ് ഈ അപ്പനെ കാണാൻ വന്നു. കൊണ്ടുവന്ന പൊതി അപ്പന്റെ കൈയിൽ കൊടുത്തിട്ട് അയാൾ പറഞ്ഞു: ''എന്നെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടയിലാണ് അങ്ങയുടെ മകൻ മരിച്ചുവീണത്. അങ്ങയെക്കുറിച്ചും ചിത്രങ്ങളിൽ നിങ്ങൾക്കുള്ള താല്പര്യത്തെക്കുറിച്ചും അങ്ങയുടെ മകൻ എന്നോടു വളരെയേറെ സംസാരിച്ചിട്ടുണ്ട്.'' ഞാൻ വലിയ ചിത്രകാരനൊന്നുമല്ല. എങ്കിലും നന്ദി സൂചകമായി ഞാൻ അങ്ങയുടെ മകന്റെ ഒരു ചിത്രം വരച്ചു. അത് അങ്ങയ്ക്ക് ഞാൻ സമ്മാനിക്കുകയാണ്. മകന്റെ ആ ചിത്രം അപ്പന് വളരെ ഇഷ്ടമായി. തന്റെ വിലയേറിയ ചിത്രശേഖരത്തിന്റെ നടുവിൽ അയാൾ ആ ചിത്രം പ്രതിഷ്ഠിക്കുകയും സന്ദർശകരെയെല്ലാം ആദ്യം ആ ചിത്രം കൊണ്ടു ചെന്നു കാണിക്കുകയും ചെയ്യുമായിരുന്നു.

ഒരു ദിവസം ആ അപ്പനും മരിച്ചു. തന്റെ വിലയേറിയ ചിത്രങ്ങളൊക്കെ ലേലം വിളിച്ചു കൊടുക്കാനായിരുന്നു വിൽപത്രത്തിൽ ആവശ്യപ്പെട്ടിരുന്നത്. ലോകപ്രസിദ്ധരായ റാഫേലിന്റെയും മേക്കലാഞ്ചലോയുടെയും പിക്കാസോയുടെയുമൊക്കെ ചിത്രങ്ങൾ ലേലത്തിലൂടെ സ്വന്തമാക്കാൻ ധാരാളമാളുകൾ എത്തിയിരുന്നു. ലേലമാരംഭിച്ചു. ലേലത്തിനായി ആദ്യമെടുത്തത് മകന്റെ ചിത്രമായിരുന്നു. എന്നാൽ നൂറു ഡോളറിനു പോലും അത് മേടിക്കാൻ ആളുണ്ടായിരുന്നില്ല. പല

പ്രാവശ്യം അത് ലേലത്തിൽ വില്ക്കാൻ ശ്രമിച്ചെങ്കിലും വാങ്ങിക്കാൻ ആരും മുന്നോട്ടു വന്നില്ല. ചിലർ അരിശപ്പെട്ടു. ഒരു കലാമൂല്യമില്ലാത്ത ഈ ചിത്രം ദൂരെവലിച്ചെറിയാൻ പലരും ആവശ്യപ്പെട്ടു. പിക്കാസോയുടെ ചിത്രമെടുത്ത് ലേലം തുടങ്ങണമെന്ന് വേറൊരാൾ നിർദ്ദേശിച്ചു.

എങ്കിലും ലേലം വിളിക്കുന്നയാൾ തുക ഒന്നുകൂടി കുറച്ചുകൊണ്ട് മകന്റെ ചിത്രം തന്നെ വില്ക്കാൻ ശ്രമിച്ചു കൊണ്ടിരുന്നു. അൻപതു ഡോളർ! ആരുമില്ല. ഇരുപതു ഡോളർ! ആരുമില്ല. അവസാനം പുറകിലിരുന്ന ഒരു സാധു മനുഷ്യൻ - അയാൾ മരിച്ച അപ്പന്റെയും മകന്റെയും തോട്ടക്കാരനായിരുന്നു - ആ ചിത്രം പത്തു ഡോളറിന് മേടിക്കാൻ തയ്യാറായി. ആ കുടുംബത്തോടുള്ള സ്നേഹം കൊണ്ടാണ് അയാൾ അതിനു തയ്യാറായത്. എല്ലാവർക്കും സമാധാനമായി.

വിലയേറിയ ചിത്രങ്ങളുടെ ലേലം ആരംഭിക്കാൻ എല്ലാവരും കാത്തിരുന്നു. എല്ലാവരെയും ആശ്ചര്യപ്പെടുത്തിക്കൊണ്ട് ലേലം വിളിച്ചു കൊണ്ടിരുന്ന ആൾ പറഞ്ഞു: ''ലേലം ഇവിടെ അവസാനിക്കുന്നു. കാരണം വിൽപത്രമനുസരിച്ച് മകന്റെ ചിത്രം ആരു മേടിക്കുന്നുവോ അയാൾക്കുള്ളതാണ് വിലയേറിയ എല്ലാ ചിത്രങ്ങളും. കുടുംബത്തിന്റെ എല്ലാ സമ്പത്തും ആസ്തികളും, മകനെ സ്വീകരിക്കുന്നവന് എല്ലാം കിട്ടുന്നു. മകനെ വേ ണ്ട ാത്തവർ ക്ക ് ഒന്നും കിട്ടുന്നില്ല''.

ദൈവപിതാവും ഇതുപോലെതന്നെ തന്റെ ഏകപുത്രനെ അങ്ങേയറ്റം സ്നേഹിക്കുന്നു. കുരിശിലെ യേശുവിന്റെ ബലിയിൽ അവിടുന്ന് അതീവ സംപ്രീതനാണ്. അനന്തമായ ദൈവസ്നേഹത്തിന്റെയും അനന്തമായ ദൈവകാരുണ്യത്തിന്റെയും ദൈവജ്ഞാനത്തിന്റെയും ദൈവികശക്തിയുടെയും മഹാരഹസ്യമാണ് യേശുവിന്റെ കുരിശ്. കുരിശിനെ സ്വീകരിക്കുന്നവൻ എല്ലാം സ്വീകരിക്കുന്നു; കുരിശിനെ തിരസ്ക്കരിക്കുന്നവന് എല്ലാം നഷ്ടമാകുന്നു. ''സ്വപുത്രനെപ്പോലും ഒഴിവാക്കാതെ നമുക്കുവേണ്ടി അവനെ ഏല്പിച്ചുതന്നവൻ അവനോടുകൂടെ സമസ്തവും നമുക്കു ദാനമായി നൽകാതിരിക്കുമോ?'' (റോമ. 8, 32).

ഈ രഹസ്യമറിയാവുന്നതു കൊണ്ടാണ് ക്രൂശിതനായ യേശുവിനെക്കുറിച്ചല്ലാതെ മറ്റൊന്നും അറിയേണ്ടതില്ലെന്ന് പൗലോസ് അപ്പോസ്തലൻ തീരുമാനിച്ചത് (cfr 1 കോറി. 2, 2). വീണ്ടും, അഭിമാനിക്കുവാൻ പൗലോസിന് ധാരാളം വിഷയങ്ങളുണ്ടായിരുന്നു. എങ്കിലും അഭിമാനവിഷയമായി പൗലോസ് തിരഞ്ഞെടുത്തത് യേശുവിന്റെ കുരിശിനെ മാത്രമാണ്: ''കർത്താവായ യേശു ക്രിസ്തുവിന്റെ കുരിശിലല്ലാതെ മറ്റൊന്നിലും മേന്മ ഭാവിക്കാൻ ഇടയാകാതിരിക്കട്ടെ. അവനെ പ്രതി ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു'' (ഗലേ. 6, 14). നമ്മെ സംബന്ധിച്ചിടത്തോളം പൗലോസിന് ഒരു ദുഃഖമേയുള്ളൂ. അതായത് ധാരാളം പേർ ഇന്നും കുരിശിനെ യഹൂദന്മാരെപ്പോലെ ഇടർച്ചയുടെയും വിജാതീയരെപ്പോലെ ദോഷത്തത്തിന്റെയും അടയാളമായിക്കരുതി അവഗണിക്കുന്നു; ഫിലിപ്പിയാക്കാർക്കുള്ള ലേഖനത്തിൽ പൗലോസ് നമ്മെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു: ''പലരും ക്രിസ്തുവിന്റെ കുരിശിന്റെ ശത്രുക്കളായി ജീവിക്കുന്നു എന്ന് പലപ്പോഴും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളത് ഇപ്പോൾ കണ്ണീരോടെ ആവർത്തിക്കുന്നു. നാശമാണ് അവരുടെ അവസാനം'' (ഫിലി. 3, 18-19).

ക്രൂശിതനായ യേശുവിന്റെ മാതൃകയിൽ നിന്നും പ്രചോദനം സ്വീകരിച്ചുകൊണ്ട് പൗലോസിനെപ്പോലെ നമുക്കും ജീവിതത്തിലെ കുരിശുകളെ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും രക്ഷയുടെയും അടയാളമായി സ്വീകരിക്കുകയും കുരിശിൽ അഭിമാനിക്കുകയും ചെയ്യാം. അപ്പോൾ രക്ഷയുടെ മാർഗ്ഗത്തിലൂടെ ചരിക്കുന്നവരായ നമുക്ക് കുരിശ് ദൈവീക ശക്തിയുടെ സ്രോതസ്സാണെന്ന് അനുഭവവേദ്യമാകും. അതിനുവേണ്ട കൃപയ്ക്കായി പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.